# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തീക്കോയി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം.പി.14/1948/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തീക്കോയി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം.പി.14/1948/2023 തീയ്യതി: 23/12/2023

## കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി. സി. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 22-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ഡാനിമോൾ. കെ. ജെ, ഓഡിറ്റ് ഓഫീസർ

ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ഉണ്ണികൃഷ്ണൻ. എം, ഓഡിറ്റർ (ഹ.ഗ്രേ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. സി. ജെയിംസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ആർ. സുമാഭായി അമ്മ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗ്രീഷ്മ. കെ. ആർ | അസിസ്റ്റന്റ് എഞ്ചിനിയർ (LID & EW) | 01-04-2022 | 31-03-2023 |
| ഡോ. ബിബിരാജ് | മെഡിക്കൽ ഓഫീസർ (P.H.C) | 01-04-2022 | 31-03-2023 |
| ഡോ. ജി. ഹരികുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 18-05-2022 |
| ഡോ. പത്മനാഭൻ. ഇ. ജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 19-05-2022 | 31-05-2022 |
| ഡോ. ജയലക്ഷ്മി. ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-06-2022 | 14-07-2022 |
| ഡോ. ജെറോം. വി. കുര്യൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 15-07-2022 | 15-11-2022 |
| ഡോ. ജി. ഹരികുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-11-2022 | 29-12-2022 |
| ഡോ. പ്രഹ്ലാദ്. കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 30-12-2022 | 08-01-2023 |
| ഡോ. ജി. ഹരികുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 10-01-2023 | 04-02-2023 |
| ഡോ. ജെറോം. വി. കുര്യൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 05-02-2023 | 23-02-2023 |
| ഡോ. പത്മനാഭൻ. ഇ. ജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24-02-2023 | 31-03-2023 |
| ഡോ. സൗമ്യലക്ഷ്മി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 11-04-2022 |
| ഡോ. ജോയ്സി ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-04-2022 | 26-07-2022 |
| ഡോ. സജീന. കെ. എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 27-07-2022 | 31-03-2023 |
| ഹണി ലിസ ചാക്കോ | കൃഷി ഓഫീസർ | 01-04-2022 | 09-10-2022 |
| അജ്മൽ. പി. എം | കൃഷി ഓഫീസർ | 10-10-2022 | 31-03-2023 |
| ഡോ. ബിനോയ് ജോസഫ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| അനിപ്രിയ | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2022 | 15-01-2023 |
| ശോഭനകുമാരി | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സൗമ്യ. കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| റ്റോമിൻ ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ പൂർണ്ണമല്ല - ആസ്തികൾ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-1 |
| 3 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | മറ്റു ബാധ്യതകൾ - വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-3 |
| 5 | മുൻവർഷങ്ങളിലെ അക്കൗണ്ടിംഗ് ക്രമീകരണങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല. | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | ഹെൽത്ത് ഗ്രാന്റ് - Wellness Centeres – വരവ് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 1-11 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 23 | കെട്ടിടനിർമ്മാണ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നില്ല. | 1-13 |
| 24 | പുതുക്കിയ നിരക്കിൽ വാടക തുക ഈടാക്കിയില്ല | 1-14 |
| 25 | അധികവിഭവസമാഹരണം | 1-15 |
| 26 | FACTEOS ലൈസൻസ് - ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയില്ല | 1-16 |
| 27 | കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | 1-17 |
| 28 | Forest Development Tax (FDT) അടവാക്കിയില്ല | 1-18 |
| 29 | FACTEOS ലൈസൻസ് - സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നില്ല | 1-19 |
| 30 | റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയത് - ഫയൽ ഹാജരാക്കിയില്ല. | 1-20 |
| 31 | ആർദ്രം പദ്ധതി- ഡെപ്പോസിറ്റ് ചെയ്ത തുകയുടെ കൈപ്പറ്റ് വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-21 |
| 32 | രോഗ നിർണ്ണയകേന്ദ്രം സജ്ജീകരിക്കൽ പദ്ധതിയിലെ അപാകതകൾ | 1-22 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്- വിനിയോഗവിവരം ലഭ്യമല്ല. | 1-23 |
| 34 | ആദായനികുതി സ്രോതസ്സിൽ കുറവുചെയ്തില്ല. | 1-24 |
| 35 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. | 1-25 |
| 36 | ടോയ് ലെറ്റ് നിർമ്മാണം - പൂർത്തിയായിട്ടില്ല | 1-26 |

| | | |
|---|---|---|
| 37 | സ്തംഭം പുനരുദ്ധാരണം -നിർമ്മിതിയുടെ തുടർ സംരക്ഷണം ഉറപ്പുവരുത്തൽ | 1-27 |
| 38 | വസ്തുനികുതി പരിഷ്കരണം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13/07/2023 തീയതിയിലെ 1-ാംനമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 14/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

#### 1-1-1 ആസ്തി രജിസ്റ്റർ പൂർണ്ണമല്ല - ആസ്തികൾ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല

സ.ഉ.(എം.എസ്)152/2011/തസ്വഭവ/26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. കൂടാതെ, പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുമില്ല. പഞ്ചായത്ത് ആർജ്ജിച്ച ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ലാത്തതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2022-ലെ പഞ്ചായത്ത് ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-2 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല**

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(Opening Balance Receipt Payment-OBRP Data) സൂക്ഷിച്ചിട്ടില്ല.

**1-1-3 മറ്റു ബാധ്യതകൾ - വിശദാംശങ്ങൾ ലഭ്യമല്ല.**

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ളത് ഉൾപ്പെടെയുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

**1-1-4 മുൻവർഷങ്ങളിലെ അക്കൗണ്ടിംഗ് ക്രമീകരണങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.**

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ I-18 ഷെഡ്യൂൾ പ്രകാരമുള്ള പ്രയർ പീരിയഡ് ക്രമീകരണങ്ങളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

**1-1-5 അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.**

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. 01.04.2022 ലെ മുന്നിരിപ്പ് ഉൾപ്പെടെ രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

**1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല**

ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ആയതിനാൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. വാടക നിക്ഷേപം ഒഴികെയുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമാക്കേണ്ടതും ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

**1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതിനാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള വിശകലനം സാധ്യമായിട്ടില്ല.

**1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

പഞ്ചായത്തിന് ലഭ്യമാകാനുള്ള കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-9 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ

സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-10 ഹെൽത്ത് ഗ്രാന്റ് - Wellness Centeres - വരവ് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല**

പ്രാഥമികാരോഗ്യ ഉപകേന്ദ്രങ്ങളിൽ Wellness Centers നിർമ്മിക്കുന്നതിന് ലഭിച്ച 63974/- രൂപ RP -30ൽ ചേർത്തിട്ടില്ല

**1-2 ബജറ്റ്**

ഓഡിറ്റ് വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 26.03.2022 -ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ്, ഭരണസമിതിയുടെ 26.03.2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് - ചെലവ് കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള യഥാർത്ഥ വരവ് - ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ചബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2,189,546/- | 2,540,288/- |
| വരവ് | 160,254,500/- | 113,160,502/- |
| ആകെ | 162,444,046/- | 115,700,790/- |
| ചെലവ് | 161,775,406/- | 114,809,866/- |
| നീക്കിയിരിപ്പ് | 668,640/- | 890,924/- |

**1-3 സാമ്പത്തിക വിശകലനം**

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 99,98,097/- |
| ഓഡിറ്റ് വർഷത്തെ വരവ് | 2,15,68,731/- |
| ആകെ | 3,15,66,828/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,33,53,165/- |
| നീക്കിയിരിപ്പ് | 82,13,663/- |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം (Income) | 5,29,39,806/- |
| ആകെ ചെലവ് (Expenditure) | 5,65,47,581/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 36,07,775 |
| ആകെ മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 17,571 |

| | |
|---|---|
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 36,25,346 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3047677 |

**1-4 ഗ്രാന്റ് വിനിയോഗം**

തീക്കോയി ഗ്രാമപഞ്ചായത്തിന് 2022-23 വർഷം സർക്കാരിൽനിന്ന് ലഭിച്ച വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11896000 | 11896000 | 10358299* | 1537701 | 87.1 |
| വികസന ഫണ്ട്-SCP | 0 | 1420000 | 1420000 | 1276188* | 143812 | 89.87 |
| വികസന ഫണ്ട്-TSP | 0 | 692000 | 692000 | 648313* | 43687 | 93.69 |
| ധനകാര്യകമ്മീഷൻഗ്രാന്റ് (Untied) | 150068 | 1896873+ 63098 (പലിശ) 1959971 | 2110039 | 1896873* | 213166 | 89.9 |
| ധനകാര്യകമ്മീഷൻഗ്രാന്റ് (Tied) | 0 | 3747917 | 3747917 | 1901286* | 1846631# | 50.73 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4570000 | 4570000 | 3035561* | 1534439 | 66.42 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 14601000 | 14601000 | 9946169* | 4654831 | 68.12 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക്സ് ഇൻഫ്രാസ്ട്രക്ചർ) | 0 | 200808+ 2744(പലിശ) 203552 | 203552 | 200808 | 2744 | |
| ഹെൽത്ത് ഗ്രാന്റ്-Health Wellness Centeres | 0 | 63974+ 1040 (പലിശ) 65014 | 65014 | 63974 | 1040 | |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | 275652 | 588864 | 864516 | 153280 | 711236 | |

*ചെലവ് പത്രിക പ്രകാരമുള്ളത്.

# ട്രഷറി അലോട്ട്മെന്റിൽ ലാപ്സായ തുകയും 16.11.2021ൽ കെ.എസ്.ഇ.ബിയ്ക്ക് നൽകിയതിൽ തിരികെ വന്ന 99946/-രൂപയും ഉൾപ്പെടെയുള്ളത്.

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ വരവും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള

അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 24,17,193/- രൂപ 23/06/2022 ലെ G.O.(Rt) No.4585/2022/Fin ഉത്തരവ് പ്രകാരം ക്യാരിഓവർ വിഹിതമായി തൻവർഷം ലഭിച്ചിട്ടുണ്ട്. സ്രോതസ്സിൽ കുറവ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (രൂപ) | ധനസ്രോതസ്സ് |
|---|---|---|---|
| 210/23 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട്(ജനറൽ) |
| 228/23 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട്(ജനറൽ) |
| 231/23 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട്(ജനറൽ) |
| 211/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 676981 | വികസനഫണ്ട്(ജനറൽ) |
| 229/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 676982 | വികസനഫണ്ട്(ജനറൽ) |
| 208/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്..പി) | 99440 | വികസന ഫണ്ട്(TSP) |
| 233/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | 99441 | വികസന ഫണ്ട്(TSP) |
| 209/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 42566 | വികസന ഫണ്ട്(SCP) |
| 232/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 42566 | വികസന ഫണ്ട്(SCP) |
| ആകെ | | 2251176 | |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ഫണ്ടിന്റെ

വിനിയോഗത്തിലെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സംബന്ധിച്ച് വാർഷിക കണക്കുകൾ, ചെലവ് പത്രിക എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടതുമായ അപാകതകൾ താഴെ വിവരിക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1967163/-രൂപ, 85132/-രൂപ, 198881/-രൂപ വീതം കുറവുചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ ചെലവ് സ്രോതസ്സിൽ കുറവുചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ, ഗുണഭോക്തൃ വിഹിതം തുടങ്ങിയവയുടെ മുന്നിരിപ്പ്, പ്രസ്തുത ഗ്രാന്റുകളുടെ ഉദ്ദേശ്യം, പ്രോജക്ട്, ലഭിച്ച കാലയളവ്, ലഭ്യമാക്കിയ ഏജൻസി തുടങ്ങിയ വിവരങ്ങൾ എ.സി.ആറിൽ രേഖപ്പെടുത്തുന്നില്ല.
3. ഹെൽത്ത് ഗ്രാന്റ്, ഐ.സി.ഡി.എസ്, ഭവനനിർമ്മാണം എന്നീ ഇനങ്ങളിൽ തൻവർഷം വരവുണ്ടെങ്കിലും കേന്ദ്രാവിഷ്കൃതവിഹിതം, സംസ്ഥാനാവിഷ്കൃതവിഹിതം എന്നീ ഇനങ്ങളിൽ തൻവർഷം വരവില്ലെന്നാണ് ഗ്രാന്റ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് നിക്ഷേപിക്കുന്നതിനുവേണ്ടി ആരംഭിച്ച ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ (A/c. No. 13200100077545) 01.04.22ൽ 150068/-രൂപ മുന്നിരിപ്പുള്ളതായി AFS ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബേസിക് ഗ്രാന്റ് /ടൈഡ് ഗ്രാന്റ് എന്നു വേർതിരിച്ച അറിയുന്നതിന് ഓഡിറ്റിൽ സാധിച്ചിട്ടില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ എന്നിവയുടെ 2022-23 എ.സി.ആർ. തയ്യാറാക്കി മുന്നിരിപ്പിന്റെ എല്ലാ വിശദാംശങ്ങളും (ലഭിച്ച കാലയളവ്, ഉദ്ദേശ്യം, പ്രോജക്ട്, ലഭ്യമാക്കിയ സർക്കാർ അതോറിറ്റി) സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അപാകതകളും കണക്കുകൾ സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത് .

## 1-5 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19/04/2022-ലെ ജി.ഒ.(എം.എസ്) 84/2022/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 05.05.2022 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 05.05.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭ | 14.05.2022-23.05.2022 |
| വികസനസെമിനാർ | 09.06.2022 |

വികസനസെമിനാറിൽ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുകയും കരട്

നിർദ്ദേശങ്ങൾ ക്രോഡീകരിക്കുയും ചെയ്തിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടേയും വിവിധ നിർവ്വഹണോദ്യോഗസ്ഥരുടേയും യോഗം ചേർന്ന് വിവിധ വികസനമേഖലകളിലായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ചും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.പഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 6,86,88,711/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 167 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ 05.03.20223 ലെ 82898/22 DPC/DPO/KTM തീയതിയിലെ നമ്പർ ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചതിൽ 143 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം 3,63,47,989/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 1143850/- | 1142402/- | 99.87% |
| വെറ്ററിനറി സർജൻ | 10 | 8 | 2957000/- | 1493301/- | 50.5% |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 11 | 10 | 3522860/- | 3157938/- | 89.64% |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 3 | 3 | 426845/- | 426795/- | 99.98% |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 550000/- | 549996/- | 99.99% |
| വി.ഇ.ഒ | 24 | 21 | 28331562/- | 8472696/- | 29.90% |
| സെക്രട്ടറി | 35 | 33 | 8648008/- | 6964298/- | 80.53% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08 | 08 | 3515884/- | 2453468/- | 69.78% |
| അസി.എഞ്ചിനീയർ | 62 | 46 | 18592702/- | 11108255/- | 59.74% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1000000/- | 578840/- | 57.88% |
| ആകെ | 167/- | 143/- | 68688711/- | 36347989/- | 52.91% |

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 7914470/-രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു**

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാലും 7914470/-രൂപയുടെ പദ്ധതിത്തുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുത്ത തുക (രൂപ) |
|---|---|
| വികസന ഫണ്ട്-ജനറൽ | 1537701 |
| വികസന ഫണ്ട്-SCP | 143812 |
| വികസന ഫണ്ട്-TSP | 43687 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 1534439 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 4654831 |
| ആകെ | 7914470 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. വരും വർഷങ്ങളിൽ സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ പുരോഗതി ഉണ്ടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 45 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 100 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 100 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 57 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 26034 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. . പഞ്ചായത്തിൽ ആകെയുള്ള 13 അയൽക്കൂട്ടങ്ങളിൽ 13 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 487 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി നഴ്സറി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം കോഴിക്കൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് | 295 | 483018 | 483313 | 483197 | 116 |
| ഇ.എഫ്.എം.എസ് | 0 | 9372697 | 9372697 | 9372697 | 0 |
| ആകെ | 295 | 9855715 | 9856010 | 9855894 | 116 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 11131400 | 834 |
| കർഷക തൊഴിലാളി പെൻഷൻ | 2096000 | 146 |
| വിധവ പെൻഷൻ | 3392000 | 262 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 225600 | 15 |
| വികലാംഗപെൻഷൻ | 1718400 | 109 |
| തൊഴിൽരഹിതവേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 15.11.2023 -ന് 02.59 PM -ന് അകൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 11,600/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ

വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 1.4.2022 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. നികുതികൾ 100% പിരിച്ചെടുക്കുന്നതിന് ഭരണസമിതിയും ജീവനക്കാരും കൂട്ടായി പ്രയത്നിച്ചിട്ടുണ്ട്. എന്നാൽ വരവുസംബന്ധമായ ഫയലുകൾ ILGMS സോഫ്റ്റ് വെയറിൽ അറ്റാച്ചുചെയ്യാത്തത് പ്രാദേശിക സർക്കാരിന്റെ പ്രവർത്തനങ്ങളുടെ സുതാര്യതയെ പ്രതികൂലമായി ബാധിക്കുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. വരവിനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും ILGMS സോഫ്റ്റ് വെയറിൽ അറ്റാച്ചുചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൂർണ്ണമല്ല.

ചെലവ് വൗച്ചറുകൾ പ്രിന്റുചെയ്ത് ബൈൻഡുചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി അനുവദിക്കുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ എന്നിവ തയ്യാറാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. വിവിധ സ്ഥാപനങ്ങളിലേക്ക് ഒടുക്കുവാനുള്ള തുകകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഇപ്രകാരമുള്ള വിനിമയങ്ങളുടെ സുതാര്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഷികപദ്ധതി നിർവഹണപ്രക്രിയകളിൽ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പരസ്പര ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2018 - 22.02.2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)11/8A-2781/380 തീയതി 12.04.18 |
| പെർഫോർമൻസ് ഓഡിറ്റ് | 10.08.2022 - 11.08.2022 | 1/2022 മുതൽ 3/2022 വരെ | ലഭിച്ചിട്ടില്ല |

## 1-11 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

### 1. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിച്ചതുമൂലം നികുതിയിനത്തിൽ നഷ്ടം

വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം കൃത്യമായി കണക്കാക്കാതെ വിഭജിച്ച് മുറികളുടെ മാത്രം വിസ്തീർണ്ണം കണക്കാക്കുകയും തദനുസൃതമായി തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തതിനാൽ നികുതിയിനത്തിൽ കുറവുവന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ്/ കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ. ) | സഞ്ചയ പ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|
| ശ്രീമതി.ഷെൽജി | 2/394A | 33.61 | വാണിജ്യാവശ്യത്തിനുള്ളവ- |

| | | | |
|---|---|---|---|
| തോമസ്, | 2/394B | 33.61 | 100ച.മീ.വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ |
| | 2/394C | 33.61 | |
| | 2/394D | 33.61 | |
| | 2/394E | 38.03 | |
| | 2/394F | 37.21 | |
| | 2/394G | 33.61 | |
| | 2/394H | 33.61 | |
| | 2/394I | 20.51 | |
| | ആകെ | 297.41 | |

മേൽ പ്രസ്താവിച്ച കെട്ടിടം 100 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതിനിർണ്ണയം നടത്തേണ്ടിയിരുന്നത്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**സമീപസ്ഥങ്ങളായ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു**

ഗ്രാമപഞ്ചായത്തിലെ ഏഴാംവാർഡിൽ സ്ഥിതിചെയ്യുന്നതും ശ്രീ.ബാബു പരമേശ്വരൻ, കുറുന്തോട്ടത്തിൽ, തൊടുപുഴ എന്നയാളിന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ സമീപസ്ഥങ്ങളായ കെട്ടിടങ്ങൾ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിടനമ്പർ | വിസ്തീർണ്ണം | മേഖല | വഴിസൗകര്യം | കുറിപ്പുകൾ |
|---|---|---|---|---|
| 7/282A | 255.6 | ദ്വിതീയം | വിന്റർവെയ്ൽ റോഡ് -1.5മീറ്ററിൽ കൂടുതൽ | |
| 7/282B | 80 | ദ്വിതീയം | വിന്റർവെയ്ൽ റോഡ് -1.5മീറ്ററിൽ കൂടുതൽ | |
| 7/282C | 80 | ദ്വിതീയം | വിന്റർവെയ്ൽ റോഡ് -1.5മീറ്ററിൽ കൂടുതൽ | |
| 7/282D | 383.48 | പ്രഥമം | വിന്റർവെയ്ൽ റോഡ് -1.5മീറ്ററിൽ കൂടുതൽ | |
| 7/282F | 259.55 | പ്രഥമം | വിന്റർവെയ്ൽ റോഡ് | |

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് 19/22.11.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടങ്ങളുടെ നികുതി സംബന്ധിച്ച നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതും നികുതി പരിഷ്കരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

**1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

സ്ഥാപനത്തിൽ പരിപാലിയ്ക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1) | സെന്റ് തോമസ് എൽ. പി. സ്കൂൾ, മംഗളഗിരി (ഹെഡ്മാസ്റ്റർ ഒഴികെയുള്ള അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ) | I & II |
| 2) | കൃഷി ഭവൻ, തീക്കോയി | I & II |
| 3) | ഗ്രീൻ ഗാർഡൻസ് റിസോർട്ട്, വഴിക്കടവ്, വാഗമൺ | I & II |
| 4) | പ്രജ്ഞ ഹോളിഡേയ്സ് | I & II |
| 5) | ഇൻഡോ അമേരിക്കൻ NHRD | I & II |
| 6) | മിസ്റ്റി ഹൈറ്റ്സ് റിസോർട്ട് | I & II |
| 7) | ഞള്ളമ്പുഴ ഗസ്റ്റ് ക്യാമ്പ് | I & II |
| 8) | ഫോഗിനോൾസ് റിസോർട്ട് | I & II |
| 9) | സ്പൈസസ് ഗാർഡൻ ഫാം | I & II |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/21.11.2023), മറുപടി ലഭ്യമായിട്ടില്ല. തൊഴിൽ നികുതി തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 കെട്ടിടനിർമ്മാണ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നില്ല.**

**1) ഒരു കെട്ടിടത്തിന് പെർമിറ്റ് എടുത്തതിനുശേഷം നാല് കെട്ടിടങ്ങൾ നിർമ്മിച്ചു.**

ശ്രീ.ഡേവിസ്.എസ്, പാംപ്ലാനിയിൽ, തീക്കോയി എന്നയാളുടെ ഉടമസ്ഥതയിലുള്ളതും തീക്കോയി വില്ലേജിൽ 74/6 എന്ന സർവേ നമ്പരിൽപ്പെട്ടതുമായ സ്ഥലത്ത് ഒരു വാസഗൃഹം നിർമ്മിക്കുന്നതിന് എ2-ബിഎ (83025/2017) നമ്പരായി ഗ്രാമപഞ്ചായത്തിൽനിന്ന് കെട്ടിടനിർമ്മാണപെർമിറ്റ് അനുവദിച്ചിരുന്നു. ഈരാറ്റുപേട്ട - വാഗമൺ റോഡിൽ തീക്കോയി ഗ്രാമപഞ്ചായത്ത് ജംഗ്ഷന് സമീപമാണ് നിർദ്ദിഷ്ടഭൂമി സ്ഥിതി ചെയ്യുന്നത്. പ്രസ്തുത കോമ്പൗണ്ടിൽ ഒരു വാസഗൃഹം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആകെ നാല് വാസഗൃഹങ്ങൾ നിർമ്മിക്കുകയും 2022-23വർഷം ടി നിർമ്മാണപ്രവൃത്തികൾ ക്രമവൽക്കരിച്ച് വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തതായി ബന്ധപ്പെട്ട ഫയലുകൾ വ്യക്തമാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ്/ കെട്ടിടനമ്പർ | തറ വിസ്തീർണ്ണം (ച.മീ.) | ക്രമവൽക്കരണഫീസ് ഒടുക്കിയതിന്റെ വിവരം | | കുറിപ്പുകൾ |
|---|---|---|---|---|---|
| | | | തുക (രൂപ) | രസീത് നമ്പർ/ തീയതി | |
| 1. | 13/2 C | GF : 149.70<br>FF : 74.17 | | | ഈ കെട്ടിടത്തിനു മാത്രമാണ് |

| | | | | | |
|---|---|---|---|---|---|
| | | ആകെ:223.87 | | | പെർമിറ്റിന് അപേക്ഷിച്ചിരുന്നത്. പെർമിറ്റ് പുതുക്കിയതിനു ശേഷമാണ് വസ്തുനികുതി നിർണ്ണയിച്ചത്. |
| 2. | 13/2 D | GF : 160.08<br>FF : 76.34<br>ആകെ : 236.42 | 3310 | 1220100647/31.8.2022 | 13/2 C എന്ന കെട്ടിടത്തിന് മേൽത്തരം തറ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചതെങ്കിലും ടി കെട്ടിടങ്ങൾക്ക് സാധാരണ തറ എന്ന രീതിയിലാണ് നികുതി നിർണ്ണയിച്ചത്. |
| 3. | 13/2 B | GF : 184.13<br>FF : 68.50<br>ആകെ:252.63 | 3537 | 1220100648/31.8.2022 | |
| 4. | 13/2 E | GF : 162.75<br>FF : 76.59<br>ആകെ:239.34 | 3351 | 1220100649/31.8.2022 | |

2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്തിൽനിന്നുള്ള അനുമതി കൂടാതെ കെട്ടിടം നിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് സമീപപ്രദേശത്ത് വില്ലകൾ അനധികൃതമായി നിർമ്മിച്ചതിന് സ്റ്റോപ്പ് മെമ്മോ നൽകാതിരുന്ന പഞ്ചായത്ത് അധികൃതരുടെ നടപടി ക്രമവിരുദ്ധമാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 91 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അദ്ദേഹത്തിന്റെ അധികാരപരിധിയിലുള്ള ഏതൊരു നിർമ്മാണവും ഏതു ഘട്ടത്തിലും പരിശോധിക്കുവാനും ചട്ടലംഘനങ്ങൾ കണ്ടെത്തിയാൽ ഉത്തരവുപ്രകാരം ആയവ ഉടൻതന്നെ നിർത്തിവെയ്ക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ് എന്നിരിക്കെ മുകളിൽ വിവരിച്ച പ്രകാരം കെട്ടിടങ്ങൾ നിർമ്മിച്ചത് യഥാസമയം തടയുവാൻ സെക്രട്ടറി നടപടികൾ സ്വീകരിക്കാതിരുന്നത് കൃത്യവിലോപമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു. അനധികൃതനിർമ്മാണങ്ങൾ സമയബന്ധിതമായി തടയുന്നതിന് നടപടികൾ സ്വീകരിക്കാത്തപക്ഷം ഗ്രാമപഞ്ചായത്ത് നിയമക്കുരുക്കുകളിൽ ഉൾപ്പെടുന്നതിനും അതുവഴി ധനനഷ്ടത്തിനും കാരണമാകുമെന്നതിനാൽ ഭാവിയിൽ ജാഗ്രത പുലർത്തേണ്ടതാണ്.

2. **കെട്ടിടത്തിന്റെ ഷീറ്റ് മേൽക്കൂരയുടെ ബിൽറ്റപ്പ് ഏരിയ പരിഗണിക്കാതെ പെർമിറ്റ് അനുവദിച്ചു.**

2019ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണം) ചട്ടങ്ങൾ – ചട്ടം 74(3) പ്രകാരം സിംഗിൾ ഫാമിലി റെസിഡൻഷ്യൽ കെട്കെട്ടിടത്തിന്റെ ഷീറ്റ് മേൽക്കൂരയുടെ ബിൽറ്റപ്പ് ഏരിയ പരിഗണിക്കാതെ പെർമിറ്റ് അനുവദിച്ചു.ടിടങ്ങളുടെ ടെറസ് ഫ്ലോറിന് അധികമായി നിർമ്മിക്കുന്ന ഷീറ്റിട്ടതോ ഓടിട്ടതോ ആയ മേൽക്കൂരകൾക്ക് ടി ചട്ടങ്ങളുടെ അനുബന്ധമായ ഷെഡ്യൂളുകളിൽ നിർദ്ദേശിച്ച അപേക്ഷാഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽനിന്ന് പെർമിറ്റ് അനുവദിച്ച താഴെപ്പറയുന്ന കെട്ടിടത്തിന്റെ ടെറസ് ഫ്ലോറിന് അധികമായി നിർമ്മിച്ച ഷീറ്റിട്ട മേൽക്കൂരയ്ക്ക് നിയമാനുസൃത ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ഉടമസ്ഥന്റെ പേരുവിവരങ്ങൾ | ബിൽഡിംഗ് പെർമിറ്റ് നമ്പർ | പെർമിറ്റ് പ്രകാരം ബിൽറ്റപ്പ് | കുറിപ്പുകൾ |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | ഏരിയ (ച.മീ.) | |
| ശ്രീ.സാന്റോ മാത്യു, ശ്രീമതി. രമ്യ തോമസ്, മുത്തനാട്ട് | എ2- ബിഎ (298707)/22/ 19.9.2022 | GF : 120.16<br>FF : 85.99 | അധികമായി നിർമ്മിച്ച മേൽക്കൂരയുടെ വിസ്തീർണ്ണം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. |

മേൽ ചട്ടങ്ങളിലെ ചട്ടം 74(6) പ്രകാരം സിംഗിൾ ഫാമിലി റെസിഡൻഷ്യൽ കെട്ടിടങ്ങൾ അല്ലാത്ത കെട്ടിടങ്ങളുടെ ടെറസ് ഫ്ലോറിന് അധികമായി നിർമ്മിക്കുന്ന ഷീറ്റിട്ടതോ ഓടിട്ടതോ ആയ മേൽക്കൂരകൾ ടി ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്നതിലേയ്ക്കായി മറ്റൊരു നിലയായി പരിഗണിക്കേണ്ടതാണ്. കൂടാതെ, ടി ചട്ടങ്ങളുടെ അനുബന്ധമായ ഷെഡ്യൂളുകളിൽ നിർദ്ദേശിച്ച അപേക്ഷാഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഈടാക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽനിന്ന് പെർമിറ്റ് അനുവദിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ടെറസ് ഫ്ലോറിന് അധികമായി നിർമ്മിച്ച ഷീറ്റിട്ട മേൽക്കൂരയ്ക്ക് നിയമാനുസൃത ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ഉടമസ്ഥന്റെ പേരുവിവരങ്ങൾ | ബിൽഡിംഗ് പെർമിറ്റ് നമ്പർ തീയതി | പെർമിറ്റ് പ്രകാരം ബിൽറ്റപ്പ് ഏരിയ (ച.മീ.) | കുറിപ്പുകൾ |
|---|---|---|---|
| ശ്രീ.അനീഷ്.വി.കെ, ശ്രീമതി.രാജി രാജു, വലിയവീട്ടിൽ, മാഞ്ഞൂർ | എ2- ബിഎ (167826)/19/ 26.6.2019 | GF : 28.54<br>FF : 28.54<br>GF : 28.54<br>FF : 28.54<br>GF : 33.23 | പെർമിറ്റ് കാലാവധി അവസാനിച്ചതിനെ തുടർന്ന് 2022ൽ പെർമിററ് പുതുക്കി നൽകിയിട്ടുണ്ട്. അധികമായി നിർമ്മിച്ച മേൽക്കൂരയുടെ വിസ്തീർണ്ണം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. |
| ആകെ | | 147.39 | |

പ്രസ്തുത കെട്ടിടങ്ങൾക്ക് റിസോർട്ടുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 7/272 J, K, Lനമ്പരായി കെട്ടിട നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അധികമായി നിർമ്മിച്ച നില പരിഗണിക്കാതെയാണ് നികുതി ചുമത്തിയിട്ടുള്ളത്. കൂടാതെ, പഞ്ചായത്തിൽ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ റൂഫിംഗ് വിത്ത് ആർ.സി.സി. എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുറഞ്ഞ തരം മേൽക്കൂരയുള്ള നികുതി ഇളവും അനുവദിച്ചിട്ടുണ്ട്. ടി അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് 20/22.11.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ടി കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസിനത്തിൽ കുറവുവന്ന തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, 7/272 J, K, Lനമ്പർ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് പുതുക്കിയ നിരക്കിൽ നികുതി ഈടാക്കേണ്ടതുമാണ്.

**1-14 പുതുക്കിയ നിരക്കിൽ വാടക തുക ഈടാക്കിയില്ല**

ഗ്രാമ പഞ്ചായത്ത് ആസ്തിയിലുൾപ്പെട്ട വാർഡ്-XII, 259 B, 259 C, 259 D, 259 E നമ്പറുകളിലുള്ള കടമുറികളിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡ് ത്രിവേണി സ്റ്റോറിന്റെ വാടക തുക പ്രതിമാസം 8494/- രൂപയായി, ഭരണസമിതി (തീരുമാനം നം. 7(1)/ 06.09.2022) തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, ഭരണസമിതി തീരുമാനം പ്രകാരമുള്ള വാടക തുക ഈടാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമാകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം/ വർഷം | ഈടാക്കേണ്ടിയിരുന്ന വാടക തുക | | ഈടാക്കിയ വാടക തുക | | ഈടാക്കുവാൻ അവശേഷിക്കുന്ന വാടക തുക | |
|---|---|---|---|---|---|---|
| | അടിസ്ഥാന വാടക തുക | GST @ 18% | അടിസ്ഥാന വാടക തുക | GST @ 18% | അടിസ്ഥാന വാടക തുക | GST @ 18% |
| 04/2022 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 05/2022 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 06/2022 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 07/2022 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 08/2022 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 09/2022 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 10/2022 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 11/2022 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 12/2022 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 01/2023 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 02/2023 | 8494 | 1529 | 6855 | 1234 | 1639 | 295 |
| 03/2023 | 8494 | 1529 | 6855 | 1234 | 1639 | 295 |
| ആകെ | 101928 | 18348 | 82260 | 14808 | 19668 | 3540 |

അടിസ്ഥാന വാടക തുകയിനത്തിൽ 19,668/- രൂപയും, ചരക്ക് സേവന നികുതിയിനത്തിൽ 3,540/- രൂപയും ഉൾപ്പെടെ, ആകെ 23,208/- രൂപ (പിഴപ്പലിശ കണക്കാക്കാതെയുള്ള തുക) ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/21.11.23), മറുപടി ലഭ്യമായിട്ടില്ല. ഭരണസമിതി തീരുമാനം നിലനിൽക്കെ, വാടക തുക പൂർണ്ണമായും ഈടാക്കാത്തതിന്റെ സാഹചര്യം വ്യക്തമല്ല. കുടിശ്ശിക വാടക തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ഈ കാലയളവിലെ സെക്രട്ടറിയുടെയും ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

## 1-15 അധികവിഭവസമാഹരണം

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ മുഖ്യപങ്കുവഹിക്കുന്ന വസ്തുനികുതിയിനത്തിൽ തൻവർഷത്തെ വരുമാനം 2583638/- രൂപയാണ്. തൊഴിൽ നികുതി ഇനത്തിൽ 870410/- രൂപയും വിവിധ ലൈസൻസ് ഫീസിനങ്ങളിൽ 213230/- രൂപയുമാണ് തൻവർഷ വരവ്. പഞ്ചായത്തുകളിൽ ഉള്ള വീടുകളുടെയും ജനസംഖ്യ അനുപാതത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ചു നൽകുന്ന ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 5432000/- രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ഭരണ ചെലവുകൾക്ക് ആനുപാതികമായി വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നതിലേയ്ക്കായി പഞ്ചായത്തിന് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവുകൾ കുറയ്ക്കുന്നതിനും ഉള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്‌മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഒ(പി) നം 6/2021/ഫിൻ. നമ്പരായി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. മേൽപരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

**ഭരണസമിതിയുടെ പ്രവർത്തനം**

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ 20.4.2023 ലെ III(1)നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി പിരിക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്ത് 100%നികുതി പിരിച്ചെടുത്തതായി വാർഷിക ധനകാര്യപത്രിക വെളിപ്പെടുത്തുന്നു.

**നികുതിവരവുകൾ**

01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് മാപ്പ് സംബന്ധിച്ച സർവ്വേ (മേഖല, റോഡുകൾ എന്നിവ സഹിതം) സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കെട്ടിടങ്ങളുടെ ഉപയോഗക്രമം, തറവിസ്തീർണ്ണം എന്നിവയിലെ മാറ്റം സംബന്ധിച്ച പരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണം) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി വിവരങ്ങൾ നിരീക്ഷിക്കേണ്ടതാണ്. റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവ കൃത്യമായി വേർതിരിച്ച് നികുതിനിർണ്ണയിക്കേണ്ടതാണ്.
തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡാറ്റാബേസ് അപൂർണ്ണമാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളിലെയും ജീവനക്കാർ, പ്രൈവറ്റ് സ്ഥാപനങ്ങൾ, സ്വയംതൊഴിൽചെയ്യുന്ന പ്രൊഫഷണലുകൾ എന്നിവരിൽനിന്ന് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**നികുതിയേതര വരവുകൾ**

ഗ്രാമപഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിൽ ഉൾപ്പെടുത്താനും കഴിയും.

ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് സഞ്ചയയിൽ ചേർത്ത് ക്രമവത്ക്കരണം നടത്താവുന്ന കെട്ടിടങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിയമാനുസൃതമാക്കുന്നതിനും അല്ലാത്തപക്ഷം പൊളിച്ചുനീക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ടൂറിസ്റ്റുകളുടെ പ്രധാന ആകർഷണകേന്ദ്രമായ വാഗമണ്ണിനോടു ചേർന്നുകിടക്കുന്ന

വാർഡുകളിൽ നിരവധിയായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത് നിരീക്ഷിച്ച് യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നത് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും കോടതിവ്യവഹാരം ഉൾപ്പെടെയുള്ള നിയമനടപടികൾ മൂലം ഉണ്ടാകുന്ന അനാവശ്യച്ചെലവുകൾ കുറയ്ക്കുന്നതിനും സഹായകമാകും.

പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന് പൈതൃകമായി ലഭിച്ചിട്ടുള്ള വിഭവങ്ങളായ വിനോദസഞ്ചാരമേഖല, കാർഷിക മേഖല എന്നിവയിൽ കൂടുതൽ പദ്ധതികൾ രൂപീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താവുന്നതാണ്.

**1-16 FACTEOS ലൈസൻസ് - ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയില്ല**

കേരള പഞ്ചായത്ത് രാജ് FACTEOS ലൈസൻസ് റൂൾസ് - 1996, റൂൾ 17, 18, 19 /(പട്ടിക – III) പ്രകാരം, വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ, മോട്ടോർ ഫീസ് ഈടാക്കേണ്ടതുണ്ട്. എന്നാൽ ഓഡിറ്റ് വർഷം, പ്രസ്തുത ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് നേടിയ സ്ഥാപനങ്ങളിൽനിന്ന് ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം/ വ്യവസായം (വാർഡ്/ കെട്ടിട നം.) | ഉടമസ്ഥന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരമുള്ള മെഷിനറിയുടെ വിശദാംശം | ഈടാക്കാവുന്ന പരമാവധി മോട്ടോർ ഫീ | ലൈസൻസ് നം. / തീയതി |
|---|---|---|---|---|---|
| 1) | സെന്റ് ജോർജ്ജ് സോമിൽ XI / 260 തീക്കോയി തടികൾ അറുത്ത് നൽകുന്നതിന് | മാത്യു തോമസ് സെന്റ് ജോർജ്ജ് ഗ്രൂപ്പ് | 43 Hp | 500/- | 83/2022-23 /A4/771 /2022/12.07.22 |
| 2) | CMS ടിംബർ മിൽ XIII / 192 B തേവർ പാറ നടയ്ക്കൽ തടികൾ അറുത്ത് നൽകുന്നതിന് | സി. എസ്. ഷിഹാസ് CMS ടിംബർ മിൽ നടയ്ക്കൽ | 25 Hp | 300/- | 106/2022-23 /A4/983 /2022/19.08.22 |

ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/21.11.2023), മറുപടി ലഭ്യമായിട്ടില്ല. മെഷിനറിയ്ക്ക് ആനുപാതികമായ, ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-17 കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നു.**

2022-23 വർഷം തീക്കോയി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും കുറവ് ചെയ്ത് തനത് ഫണ്ടിൽ (799013000000126) ക്രെഡിറ്റ് ചെയ്തുവെങ്കിലും ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ചെലവഴിച്ച തുക/ ധനസ്രോതസ് | ബിൽ നമ്പർ/ തീയതി | ടാർ വീപ്പകളുടെ വില+ ജി.എസ്.ടി @ 18% |
|---|---|---|---|

| | | | |
|---|---|---|---|
| 162/23 തുമ്പശ്ശേരി ഒറ്റയീട്ടി റോഡ് റീ ടാറിംങ്ങ് | 1,00,000/- മെയിന്റനൻസ്ഗ്രാന്റ് | 68/22-23 /31.03.23 | 956+172=1128/- |
| 94/23 വെട്ടിപ്പറമ്പ് കോന്തനാനി റീ ടാറിങ്ങ് | 2,00,000/- മെയിന്റനൻസ്ഗ്രാന്റ് | 64/22-23 /29.03.23 | 1912+344=2256/- |
| 78/23 ഒറ്റയീട്ടി തുമ്പശ്ശേരി റോഡ് റീ ടാറിങ്ങ് | 2,55,000/- മെയിന്റനൻസ്ഗ്രാന്റ് | 61/22-23/ 29.03.23 | 2151+387=2538/- |
| 81/23 വേലാത്തുശ്ശേരി മുപ്പതേക്കർ റീ ടാറിങ്ങും ഐറിഷ് ഡ്രെയിനും | 4,50,000/- മെയിന്റനൻസ്ഗ്രാന്റ് | 58/22-23/ 29.03.23 | 2390+430=2820/- |
| 111/23 പള്ളിവാതിൽ ഡി.സി.എം.ആർ റോഡ് റീ ടാറിങ്ങ് | 3,00,000/- മെയിന്റനൻസ്ഗ്രാന്റ് | /22-23/ 29.03.23 | 2151+387=2538/- |
| 192/23 തീക്കോയി കല്ലേക്കളം കുളത്തുങ്കൽ റോഡ് റീടാറിങ്ങ് | 3,80,000/- മെയിന്റനൻസ്ഗ്രാന്റ് | 48/22-23/ 28.03.22 | 3346+602=3948/- |
| 159/23 പഞ്ചായത്ത് ജംക്ഷൻ കല്ലേക്കളം കുളത്തുങ്കൽ റോഡ് പുനരുദ്ധാരണം | 3,13,000/- മെയിന്റനൻസ്ഗ്രാന്റ് | 47/22-23 28.3.23 | 2629+473=3102/- |
| 200/23 ഗ്രാമ പഞ്ചായത്ത് കാര്യാലയം റോഡ് പുനരുദ്ധാരണം | 1,80,934/- മെയിന്റനൻസ്ഗ്രാന്റ് | 37/22-23 28.3.23 | 1195+215=1410/- |
| 202/23 ചേരിമല കുറ്റലപ്പാറ റോഡ് റീ ടാറിങ്ങും ഐറിഷ് ഡ്രെയിനും | 2,98,458/- മെയിന്റനൻസ്ഗ്രാന്റ് | 25/22-23 28.3.23 | 1195+215=1410/- |
| 95/23 ചേരിമല റോഡ് റീ ടാറിങ്ങും ഐറിഷ് ഡ്രെയിനും | 3,51,655/- മെയിന്റനൻസ്ഗ്രാന്റ് | 27/22-23 28.3.23 | 2390+430=2820/- |
| 183/23 ചൂണ്ടി അറുപതേക്കർ റോഡ് റീ ടാറിങ്ങ് | 4,20,000/- മെയിന്റനൻസ്ഗ്രാന്റ് | 51/22-23 28.3.23 | 4230+761=49914/- |
| 77/23 ഒറ്റയീട്ടി കാട്ടുപ്പാറ റോഡ് റീ ടാറിംങ്ങ്, സംരക്ഷണഭിത്തി, ഐറിഷ് ഡ്രെയിൻ | 8,22,000/- മെയിന്റനൻസ്ഗ്രാന്റ് | 63/22-23 /29.03.23 | 5975+1075=7050/- |
| | | ആകെ | 30520+ 5375=36011/- |

ഇപ്രകാരം റിക്കവർ ചെയ്ത 36011/-രൂപ അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം. 2/18.11.23) തുക അടവാക്കാൻ സെക്രട്ടറി കത്ത് നൽകിയതായി നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. കാലിബാരൽ വില, ജിഎസ്റ്റി എന്നീ നിർദ്ദിഷ്ട ഫണ്ടുകളിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-18 Forest Development Tax (FDT) അടവാക്കിയില്ല**

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് നിന്നിരുന്ന മാവ്, മൃഗാശുപത്രിയോട് ചേർന്ന് നിന്നിരുന്ന ചോരപൈൻ എന്നീ മരങ്ങൾ യഥാക്രമം 8,114/- രൂപ, 2,435/- രൂപ എന്നീ തുകകൾക്ക്

ലേലം ചെയ്തു നൽകുകയും, ലേലം സ്ഥിരപ്പെടുത്തി നൽകപ്പെട്ട ശ്രീ.മാത്യു തോമസ്, ചെങ്ങഴശ്ശേരിൽ, തീക്കോയി എന്നയാൾ, 1220103041/G050607/21.03.23, 1220103159/G050607/23.03.23 നം. രസീതുകൾ പ്രകാരം തുക അടവാക്കിയിട്ടുള്ളതുമാണ്. എന്നാൽ, തടി വിലയുടെ 5.25% തുകയായ 553/- രൂപ (മാവ് : 426/- രൂപ & ചോരപൈൻ : 127/- രൂപ) Forest Development Tax (FDT) ഇനത്തിൽ ട്രഷറിയിൽ അടവാക്കിയതിന്റെ ചലാൻ പകർപ്പ് ബന്ധപ്പെട്ട ഫയലിൽ ലഭ്യമായിട്ടില്ല. ആയത്, പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/21.11.2023), മറുപടി ലഭ്യമായിട്ടില്ല. തുക ട്രഷറിയിൽ അടവാക്കി, ചലാൻ പകർപ്പ് ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-19 FACTEOS ലൈസൻസ് – സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നില്ല**

കേരള പഞ്ചായത്ത് രാജ് FACTEOS ലൈസൻസ് റൂൾസ് പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങൾ മേൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് പരിധിയിൽ വന്നിട്ടില്ലെന്ന് ബന്ധപ്പെട്ട രജിസ്റ്ററുകൾ വ്യക്തമാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വ്യവസായം |
|---|---|---|
| 1) | ഗ്രീൻ ബെൽസ്, ഇഞ്ചപ്പാറ | ടൂറിസം / റിസോർട്ട് |
| 2) | ബ്ലൂ ഹിൽസ് റസിഡൻസി, വഴിക്കടവ് | ടൂറിസം / റിസോർട്ട് |
| 3) | വില്ലോ ഹൌസ്, വഴിക്കടവ് | ടൂറിസം / റിസോർട്ട് |

പ്രസ്തുത സ്ഥാപനങ്ങളെ ചട്ടപ്രകാരം ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോയെന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/21.11.2023), മറുപടി ലഭ്യമായിട്ടില്ല. സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് ക്രമപ്രകാരമല്ല. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-20 റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയത് – ഫയൽ ഹാജരാക്കിയില്ല.**

ഗ്രാമപഞ്ചായത്തിന്റെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ 83487/-രൂപ റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ് ഇനത്തിൽ (1220100644/30.8.2022 – ഇൻഡസ് ടവേഴ്സ്) വരവുണ്ട്. ഇതു സംബന്ധിച്ച ഫയൽ ഹാജരാക്കുന്നതിന് 21.11.2022ൽ ഓഡിറ്റ് റിക്വിസിഷനും 22.11.2022ൽ 21-ാം നമ്പരായി ഓഡിറ്റ് എൻക്വയറിയും നൽകിയെങ്കിലും ഫയൽ ഹാജരാക്കിയില്ല. ആയതിനാൽ പ്രസ്തുത വരവിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിന്റെ വിശദാംശങ്ങൾ, അപേക്ഷ എന്നിവ സഹിതം ബന്ധപ്പെട്ട ഫയൽ ഓഡിറ്റിൽ ഹാജരാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-21 ആർദ്രം പദ്ധതി– ഡെപ്പോസിറ്റ് ചെയ്ത തുകയുടെ കൈപ്പറ്റ് വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 207/23 - ആർദ്രം- പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തൽ |
| ചെലവ് | 1000000 (ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

മെഡിക്കൽ ഓഫീസറുടെ 23.03.23 ലെ 60-ാം നമ്പർ നടപടി ക്രമങ്ങൾ പ്രകാരം ബിൽ നമ്പർ 39/27.03.23 മുഖന ജില്ലാ പഞ്ചായത്ത് വിഹിതമായ 1000000/-രൂപ നാഷണൽ ഹെൽത്ത് മിഷന്റെ 626701034909 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക എൻ.എച്ച്.എം ന് ലഭ്യമായതിന്റെ കൈപ്പറ്റ് രസീതോ വിനിയോഗിച്ചതിന്റെ വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/20.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1000000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-22 രോഗ നിർണ്ണയകേന്ദ്രം സജ്ജീകരിക്കൽ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 174/23- രോഗ നിർണ്ണയ കേന്ദ്രം സജ്ജീകരിക്കൽ |
| ചെലവ് | 200808 (ഹെൽത്ത് ഗ്രാന്റ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

പ്രസ്തുത പദ്ധതി പ്രകാരം എ.ബി.സി ഡയഗണോസ്റ്റിക് എന്ന സ്ഥാപനത്തിൽ നിന്ന് 26919/-രൂപയ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. അവശേഷിക്കുന്ന 173889/-രൂപയും എച്ച്.എം.സി ഫണ്ടിൽ നിന്ന് 2526/-രൂപയും ചേർത്ത് 176415/-രൂപ Fluorecare Quantitative Poct Platform എന്ന ഉപകരണം വാങ്ങിയ വകയിൽ നീതി മെഡിക്കൽ സ്റ്റോർ, കഞ്ഞിക്കുഴിക്ക് കൈമാറുന്നതിന് തീക്കോയി മെഡിക്കൽ ഓഫീസറുടെ 23.03.23 തീയതിയിലെ 65/23 നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 176415/-രൂപ നീതി മെഡിക്കൽ സ്റ്റോറിന് കൈമാറിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഹെൽത്ത് ഗ്രാൻറ് എ.സി.ആർ ബിൽ നം 188/ 24.02.23 മുഖേന). പ്രസ്തുത വാങ്ങൽ പ്രവൃത്തിയുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തുക കൈമാറിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഇടപാടിന്റെ യു.ടി.ആർ നമ്പർ, തുക കൈപ്പറ്റിയതായുള്ള നീതി മെഡിക്കൽ സ്റ്റോറിന്റെ കൈപ്പറ്റ് രസീത് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. Fluorecare Quantitative Poct Platform എന്ന ഉപകരണം ലഭ്യമായതായുള്ള സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലോ നീതി മെഡിക്കൽ സ്റ്റോറിന്റെ ടാക്സ് ഇൻവോയിസോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/21.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ 173889/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്- വിനിയോഗവിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് വിവിധ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകിയിരുന്നു. എന്നാൽ പ്രവൃത്തികൾ പൂർത്തിയായതിന്റെ വിശദാംശങ്ങൾ, വിനിയോഗവിവരങ്ങൾ എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | സ്ഥാപനം | മുൻകൂർ നൽകിയ തുക | വിനിയോഗവിവരങ്ങൾ ലഭിക്കുവാൻ അവശേഷിക്കുന്ന തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1/23 സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി | 728968 | 728968 | XVFC/22-23 /P/24/15.11.2022 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 52/23എസ്.എസ്.കെ വിഹിതം | സമഗ്രശിക്ഷകേരള | 100000 | 100000 | 16/4.9.2022 വികസനഫണ്ട് (ജനറൽ) |
| | | 100000 | 100000 | XVFC/22-23 /P/27/15.12.2022 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 223/23 വിവിധ വാർഡുകളിലെ കുഴൽകിണർ നിർമ്മാണം, മെയിന്റനൻസ്, ഹാൻഡ് പമ്പ് സ്ഥാപിക്കൽ | ഭൂജലവകുപ്പ് | 944820 | 944820 | XVFC/22-23 /P/68/15.03.2023 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ആകെ | | | 1873788/- | |

പ്രവൃത്തിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 3/20.11.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഹാജരാക്കിയ കെ.എസ്.ഇ.ബിയുടെ കത്തിൽ തീക്കോയി ഇലക്ട്രിക് സെക്ഷന്റെ പരിധിയിൽ വരുന്ന തീക്കോയി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ ജോലികൾ ഉടൻതന്നെ ആരംഭിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂജലവകുപ്പ് ജില്ലാഓഫീസറുടെ ജി.ഡബ്ല്യൂ.കെ. നമ്പർ കത്തിൽ തീക്കോയി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുഴൽകിണർ നിർമ്മാണം, മെയിന്റനൻസ്, ഹാൻഡ് പമ്പ് സ്ഥാപിക്കൽ എന്നീ പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ മോണിട്ടറിംഗ് ഭരണസമിതി നിരീക്ഷിക്കേണ്ടതും പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. ആയതിലേയ്ക്കായി 1873788/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ആദായനികുതി സ്രോതസ്സിൽ കുറവുചെയ്തില്ല.

ഗ്രാമപഞ്ചായത്തിൽ 2022-23വർഷം സെക്രട്ടറി ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് നടപ്പാക്കിയ 2 പ്രോജക്ടുകളുടെ ഫൈനൽ ബിൽ നൽകിയപ്പോൾ 2% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ കുറവുചെയ്തിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/ പേര് | കരാറുകാരൻ/ ഏജൻസി | ഇൻവോയ്സ് തുക | | ബിൽ നമ്പർ/ തീയതി | ഈടാക്കേണ്ടിയിരുന്ന ആദായനികുതി |
|---|---|---|---|---|---|
| | | സാധനങ്ങളുടെ വില | ജി.എസ്.ടി | | |
| 45/23 ഐ.എസ്.ഒ റെക്കോർഡ് റൂം സജ്ജീകരിക്കൽ | മീനച്ചിൽ റബർവുഡ് ലിമിറ്റഡ്, | 428794 | 77183 | 3/4.5.2022 | 8576 |

| | | | | | |
|---|---|---|---|---|---|
| 14/23 ഐ.എസ്.ഒ തുടർപ്രവർത്തനങ്ങൾ | പൂഞ്ഞാർ | 254237 | 45763 | Xvfc/22-23 /p13/30.9.2022 | 5085 |
| ആകെ | | 683031 | 122946 | | 13661 |

മേൽ അപാകത സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് 17/21.11.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി ഏജൻസിയിൽ നിന്ന് ആദായനികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**1-25 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു.**

ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ലൈഫ് പദ്ധതികൾ പ്രകാരം (ലൈഫ് ഭവന നിർമ്മാണം ജനറൽ- ചെലവ് 4450000 രൂപ, ലൈഫ് ഭവന നിർമ്മാണം എസ്.സി- ചെലവ് 1501056 രൂപ, ലൈഫ് ഭവന നിർമ്മാണം എസ്.റ്റിചെലവ് - 276108 രൂപ ) 2022-23 സാമ്പത്തിക വർഷം ധന സഹായം കൈപ്പറ്റിയവരിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | നാളിതു വരെ കൈപ്പറ്റിയ തുക | നിലവിലെ ഘട്ടം |
|---|---|---|---|
| 1 | ചെല്ലമ്മ ബാലകൃഷ്ണൻ | 360000 | മേൽക്കൂര |
| 2 | രാധ കൃഷ്ണൻകുട്ടി | 350000 | മേൽക്കൂര |
| 3 | ബിനുമോൻ ടി എസ് | 350000 | മേൽക്കൂര |
| 4 | വിജോ ജോസ് | 300000 | മേൽക്കൂര |
| 5 | ജോസഫ് തോമസ് | 300000 | മേൽക്കൂര |
| 6 | സജിമോൻ പി കെ | 200000 | മേൽക്കൂര |
| 7 | ഓമന വി ജി | 350000 | മേൽക്കൂര |
| 8 | സീന പി | 210000 | ലിന്റൽ |
| 9 | നിഷ സജി | 40000 | ബേസ് മെന്റ് |
| 10 | വിജയമ്മ രാജേന്ദ്രൻ | 300000 | മേൽക്കൂര |
| 11 | ഓമന മാത്യു | 200000 | ലിന്റൽ |
| 12 | സൈനബ കാസിം | 200000 | ലിന്റൽ |
| 13 | തോമസ് ദേവികുളത്ത് | 210000 | ലിന്റൽ |
| 14 | റെജിമോൻ വി ജി | 200000 | മേൽക്കൂര |
| 15 | ശാരിമോൾ കെ ശശി | 200000 | ലിന്റൽ |

| | | | |
|---|---|---|---|
| 16 | സരസ്വതിയമ്മ | 200000 | ലിന്റൽ |
| 17 | ശശിക്കുട്ടി | 300000 | മേൽക്കൂര |
| 18 | ഓമന ജോസഫ് | 200000 | ലിന്റൽ |
| 19 | ആതിര മോൾ | 40000 | ബേസ്മെന്റ് |
| 20 | സന്ധ്യമോഹൻ | 300000 | മേൽക്കൂര |
| 21 | അമ്മുക്കുട്ടി സുകുമാരൻ | 140000 | ലിന്റല് |
| 22 | പൊന്നമ്മ | 200000 | ലിന്റൽ |
| 23 | ജയശ്രീ സോമൻ | 40000 | ബേസ്മെന്റ് |
| 24 | രാജമ്മ സുകുമാരൻ | 260000 | ലിന്റൽ |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ടോയ് ലെറ്റ് നിർമ്മാണം - പൂർത്തിയായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 176/23- അതിദാരിദ്ര്യ മൈക്രോ പ്ലാൻ ടോയ്ലെറ്റ് നിർമ്മാണം |
| ചെലവ് | 49600- (13600-വികസന ഫണ്ട്+ 36000-കേന്ദ്രാവിഷ്കൃത ഫണ്ട്). |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ |
| ബിൽ വിശദാംശങ്ങൾ | നം 28/22-23 തീയതി 18.01.23 തുക- 13600 |

പ്രസ്തുത പദ്ധതി പ്രകാരം ടോയ്ലറ്റ് നിർമ്മാണത്തിനായി 3 ഗുണഭോക്താക്കൾക്ക് 15400 രൂപ വീതവും ശ്രീ.കുഞ്ഞുമുഹമ്മദ് എന്ന ഗുണഭോക്താവിന് 3400 രൂപയും നൽകിയിട്ടുണ്ട് (കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് 3 ഗുണഭോക്താക്കൾക്ക് 36000 രൂപയും (12000*3 =36000 രൂപ) വികസന ഫണ്ടിൽ നിന്ന് പ്രസ്തുത 3 ഗുണഭോക്താക്കൾക്കും കുഞ്ഞുമുഹമ്മദിനും 3400 രൂപ വീതവും (4*3400= 13600 രൂപ) നൽകിയിട്ടുണ്ട്). എന്നാൽ ശ്രീ.കുഞ്ഞുമുഹമ്മദ് ടോയ്ലറ്റ് നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/20.11.23) പ്രസ്തുത ടോയ്ലെറ്റ് നിർമ്മാണം പൂർത്തിയാക്കുന്നതിന് 2023-24 സാമ്പത്തിക വർഷം സ്പിൽ ഓവറായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. പരാമർശിത ടോയ്ലെറ്റ് നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-27 സ്തംഭം പുനരുദ്ധാരണം -നിർമ്മിതിയുടെ തുടർ സംരക്ഷണം ഉറപ്പുവരുത്തൽ

തീക്കോയി ഗ്രാമപഞ്ചായത്തിൽ ഈരാറ്റുപേട്ട പീരുമേട് റോഡിൽ തീക്കോയി സ്തംഭം ജംഗ്ഷനിൽ നിലനിന്നിരുന്ന സ്തംഭം പുനരുദ്ധരിക്കുന്നതിനായി തീക്കോയി ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ട് പൊതുവിഭാഗം വകയിരുത്തി രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി.

വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | 31/23 | 37/23 |
| പ്രോജക്ട് | സ്തംഭം | സ്തംഭം പുനരുദ്ധാരണവും |

| | | |
|---|---|---|
| | പുനരുദ്ധാരണവും കമാനം സ്ഥാപിക്കലും | കമാനം സ്ഥാപിക്കലും അധിക വകയിരുത്തൽ |
| ചെലവ് തുക | 1,97,885/- | 43,235/- |
| ബിൽ നം | 2/22-23,07/05/22 | 3/22-23,07/05/22 |
| കരാറുകാരൻ | ഷാജി മാത്യു | ഷാജി മാത്യു |

ഈ പദ്ധതിയുടെ ഭാഗമായി സ്തംഭം പുനരുദ്ധാരണവും കമാനം സ്ഥാപിക്കലും നടപ്പാക്കുന്നതിൻെറ ഭാഗമായി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് ഉപവിഭാഗം പാലായുമായി സെക്രട്ടറി ഒപ്പിട്ട കരാറിൽ (നം14/DB/MS/AGMNT/2021-22 തീയതി 10/11/2021)ക്രമ നം 4 ആയി കിഫ്ബി പ്രവൃത്തിക്കായി ആവശ്യമായി വരുന്ന പക്ഷം മേൽ നിർമ്മിതി പഞ്ചായത്തിന്റെ നഷ്ടോത്തരവാദിത്തത്തിൽ നീക്കം ചെയ്യേണ്ടതാണെന്നും ആയതിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്നും കൂടാതെ ക്രമ നം 12 ആയി പൊതുമരാമത്ത് വിഭാഗം ആവശ്യപ്പെട്ടാൽ ഏതു സാഹചര്യത്തിലും നിർമ്മാണം പഞ്ചായത്തിന്റെ നഷ്ടോത്തരവാദിത്തത്തിൽ പൊളിച്ചുമാറ്റേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

പഞ്ചായത്തിൽ ചരിത്രസ്മാരകമെന്ന നിലയിലുള്ള ഈ നിർമ്മിതി സംരക്ഷിക്കുന്നതിനായി പഞ്ചായത്ത് മേൽവിവരിച്ച നിർമ്മാണപ്രവർത്തനമല്ലാതെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം1/18.11.23) മറുപടിയായി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് വികസനത്തിനാവശ്യമായി വന്നേക്കാവുന്നത്ര സ്ഥലം ഒഴിവാക്കിയാണ് പഞ്ചായത്ത് നിർമ്മാണം നടത്തിയിരിക്കുന്നതെന്നറിയിച്ചു. നിർമ്മിതി സംരക്ഷിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

**1-28 വസ്തുനികുതി പരിഷ്കരണം**

സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം 1.4.2023 പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് ഭരണസമിതി തീരുമാനം (നമ്പർ 20.4.2023 ലെ III(1)) എടുത്തിട്ടുണ്ട്. ഇതിനെ തുടർന്ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ച് പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ, ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. പത്രത്തിലും നോട്ടീസ് ബോർഡിലും വിജ്ഞാപനം പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ ക്ഷണിക്കുകയും അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

5 വർഷത്തേയ്ക്കുള്ള ഡിമാൻഡ് നോട്ടീസ് ഫോറം 9Aകെട്ടിട ഉടമകൾക്ക് നൽകിയിട്ടുണ്ട്. 31.3.2023വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഫോറം 9B കെട്ടിട ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിലേയ്ക്കായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചെങ്കിലും ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം കൂടുതലായതിനാലും പ്രതിഫലം കുറവായതിനാലും ഉദ്യോഗാർത്ഥികൾ ഫീൽഡ് പരിശോധന നടത്തുന്നതിന് വിസമ്മതം പ്രകടിപ്പിച്ചതായി ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകൾ, വഴികൾ എന്നിവയുടെ തരം നിലവിലുള്ള രീതിയിൽ തുടരുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 14.07.2023 | 20.11.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രൊജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട** | 2022-23 | 6,90,000/- | ലൈഫ് ഭവന പദ്ധതി (SC) (117/23) | 6,90,000/- | 0 |
| | 2022-23 | 2,80,000/- | ലൈഫ് ഭവന പദ്ധതി (ജനറൽ) (116/23) | 2,80,000/- | 0 |
| | 2022-23 | 1,00,000/- | ഞങ്ങളും കൃഷിയിലേയ്ക്ക് - സ്ഥിരം കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി (145/23) | 1,00,000/- | 0 |
| | 2022-23 | 75,500/- | ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പ് (67/23) | 75,500/- | 0 |
| | 2022-23 | 78,840/- | പാലിന് ഇൻസെന്റീവ് (92/23) | 78,840/- | 0 |
| | 2022-23 | 2,00,000/- | സാന്ത്വന ചികിത്സാപദ്ധതി (03/23) | 2,00,000/- | 0 |
| | **ആകെ** | **14,24,340/-** | **ആകെ** | **14,24,340/-** | **0** |
| **ജില്ലാ പഞ്ചായത്ത്,** | 2022-23 | 6,00,000/- | ലൈഫ് ഭവന പദ്ധതി (ജനറൽ) | 6,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | (116/23) | | |
| | 2022-23 | 1,00,000/- | ലൈഫ് ഭവന പദ്ധതി (SC) (117/23) | 1,00,000/- | 0 |
| | 2022-23 | 1,10,908/- | ലൈഫ് ഭവന പദ്ധതി (ST) (123/23) | 1,10,908/- | 0 |
| **കോട്ടയം** | 2022-23 | 80,000/- | ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പ് (67/23) | 80,000/- | 0 |
| | 2022-23 | 10,00,000/- | ആർദ്രം പദ്ധതി - പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തൽ | 10,00,000/- | 0 |
| | **ആകെ** | **18,90,908/-** | **ആകെ** | **18,90,908/-** | **0** |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ (13/23) | 7,28,968/- | 0 | 7,28,968/- |
| 2) | കേരള സംസ്ഥാന ഭൂജല വകുപ്പ് | വിവിധ വാർഡുകളിലെ കുഴൽ കിണർ നിർമ്മാണം മെയിന്റനൻസ് - ഹാൻഡ് പമ്പ് സ്ഥാപിയ്ക്കൽ (223/23) | 9,44,820/- | 0 | 9,44,820/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വർഷാരംഭത്തിൽ | തൻ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര് /ഉദ്ദേശ്യം | നമ്പർ/തിയ്യതി | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വർഷം എടുത്ത വായ്പ | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 1,02,56,378/- | 12,20,000/- | *16,37,976/- | - | 98,38,402/- |

*Source Deduction

1) Development Fund General : 6,76,981/- (Proj. No : 211/23)
2) Development Fund General : 6,76,982/- (Proj. No : 74/23)
3) SCSP : 42,566/- (Proj. No : 209/23)
4) SCSP : 42,566/- (Proj. No : 232/23)
5) TSP : 99,440/- (Proj. No : 208/23)
6) TSP : 99,441/- (Proj. No : 233/23)

## 4-6 സ്ഥിരനിക്ഷേപങ്ങൾ

31.03.2023 -ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം, ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-3 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നൽകിയത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം- | വസ്തു നികുതി | - |

| | | | | | |
|---|---|---|---|---|---|
| | | | 3 | പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | |
| 2014-15 | 2-4 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | - |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പെടെ<br>(റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 31566828/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 23353165/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 52939806/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 56547581/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3047677/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1000000/- | ഡോ. ബിബരാജ് മെഡിക്കൽ ഓഫീസർ പി.എച്ച്സി |
| 1-22 | 173889/- | ഡോ. ബിബരാജ് മെഡിക്കൽ |

| | | |
|---|---|---|
| | | ഓഫീസർ പി.എച്ച്സി |
| 1-23 | 1873788 | ശ്രീമതി ആർ സുമാഭായി അമ്മ, സെക്രട്ടറി |
| ആകെ | 3047677 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993- 94 | എൽ.എഫ്.കെ.പി2/ 985/96 /4.01.97/ 16.4.97 | -- |
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2018)218(1)/3.12.18 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2022)887(1)/2022/03.08.22 | 3 |
| 2007-08 | എൽ.എഫ്.കെ.പി3/232/10/11.06.13 | - - |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.14/ 2057/(2)/02.05.23 | 1 |
| 2011-12,2012-13 | കെ.എസ്.എ-കെ.ടി.എം.പി.14/ 2057(5)/2022/24.04.23 | 2 |
| 2013-14,2014-15 | കെ.എസ്.എ-കെ.ടി.എം.പി.14/ 2057(6)/2022/24.04.23 | 2 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.14/1456(1) /22/06.03.23 | 2 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14 /1456(2)/2022/3.1.23 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14 /2022/ 2018/28.11.18/14.10.19 | 17 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.14/172/ 2021/28.01.21 | 12 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.14/951/ 2021/16.05.2022 | 7 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.14/952/ 2021/09.06.2022 | 14 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി.14/159/ 2023/30.06.2023 | 16 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 13-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Teekoy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Teekoy Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Teekoy Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated
2. General Fund Details not maintained. OBRP of asset and liability as on 01.04.2011 not available. Source Data not available for the value of total general fund as on 31/03/2023.
3. Non disclosure of capital contribution-Opening balance details and fundwise capital contribution of current year are not available.

**2.Other Observations**

1. Details of other liabilities not produced.
2. Details of amounts adjusted as prior period income/expenses are not available

3. Advance register is not properly prepared.
4. Deposit register is not properly prepared.
5. Ratios and notes on accounts as per accounting rules are not produced.
6. Provision for arrears in receivables not provided.
7. Health Grant received has not accounted as receipt.

**Deputy Director**

**District Office Kottayam**

**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്